# യുവദീപ്തി എസ്.എം.വൈ.എം
## ചങ്ങനാശ്ശേരി അതിരൂപത
ചങ്ങനാശ്ശേരി അതിരൂപതയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനം
ESTD 1972

**യുവദീപ്തി എസ്.എം.വൈ.എം.**
സെൻട്രൽ ഓഫീസ് ആർച്ച് ബിഷപ്പ്സ് ഹൗസ്, ചങ്ങനാശ്ശേരി
**കേരളം - 686 101**
Phone : 9995082072
Email : yuvadeeptismymchry@gmail.com
website:www.yuvadeepti.org



DIRECTOR
Fr Savio Manatt
9497327143

ASST DIRECTOR
Fr Tony Puthuveettilkalm
6282208510

PRESIDENT
Arun Tom Thoppil
9037785854

DEPUTY PRESIDENT
Elizabeth Varghese
8136938603

GENERAL SECRETARY
Christy K Kunjumon
9744335948

TREASURER
Alex Manjummel
9947756927

ANIMATOR
Sr. Teresina L.W.S.H
8281217189


2025/A017 02/07/2025

**പ്രിയമുള്ള അച്ചാ/ സിസ്റ്റർ/ യുവജന സുഹൃത്തേ,**

19-ാമത് നിരണം തീർത്ഥാടനം 2025 ജൂലൈ 6 ഞായറാഴ്ച നടത്തപ്പെടുന്നു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും രാവിലെ 7 മണിയ്ക്കുള്ള വിശുദ്ധ കുർബാനയെ തുടർന്ന് ആരംഭിക്കുന്ന തീർത്ഥാടന പദയാത്ര ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു. തീർത്ഥാടനത്തിലും തുടർന്നുള്ള നേർച്ച ഭക്ഷണ വിതരണത്തിലും പങ്ക് ചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ എല്ലാ യുവജന സുഹൃത്തുക്കളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. തിരുവനന്തപുരം, അമ്പൂരി, കൊല്ലം-ആയൂർ ഫൊറോനകളിൽ നിന്നും സാധിക്കുന്ന പരമാവധി യുവജനങ്ങളെയും മറ്റെല്ലാ ഫൊറോനകളിൽ നിന്നും കുറഞ്ഞത് 200 യുവജനങ്ങളെ വീതവും പങ്കെടുപ്പിക്കുവാൻ ഫൊറോന സമിതികൾ പ്രത്യേകം ശ്രദ്ധിക്കുക. എല്ലാ യുവജനങ്ങളും തുടക്കം മുതൽ തന്നെ തീർത്ഥടനത്തിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. സാധിക്കാത്തവർ ളായിക്കാട്, ഇടിഞ്ഞില്ലം , കാവുംഭാഗം, പൊടിയാടി എന്നിവിടങ്ങളിൽ നിന്നും തീർത്ഥാടനത്തോടൊപ്പം കൂടിച്ചേരാവുന്നതാണ്.

ഈ ജൂബിലി വർഷത്തിൽ യുവജനങ്ങൾ പ്രത്യാശയുടെ തീർത്ഥാടകരായി ഉപവസിച്ചു പ്രാർത്ഥിച്ചു കുമ്പസാരിച്ച് ഒരുങ്ങി വേണം നിരണം തീർത്ഥാടനത്തിൽ പങ്കുചേരുവാൻ... നമുക്ക് ഒന്നായി പ്രാർത്ഥിക്കാം. താഴെ നൽകുന്ന പ്രാർത്ഥന നിരണം തീർത്ഥാടനം വരെ ഉള്ള ദിവസങ്ങളിൽ പ്രാർത്ഥിച്ചു ഒരുങ്ങി ഈ തീർത്ഥാടനത്തിൽ പങ്കുചേരാൻ ശ്രദ്ധിക്കുക.

**അതിരൂപത സമിതിക്കുവേണ്ടി**

**ക്രിസ്റ്റി കെ കുഞ്ഞുമോൻ**
(ജനറൽ സെക്രട്ടറി)



# 19-ാംമത് നിരണം തീർത്ഥാടന ഒരുക്ക പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്ക് നന്ദിപറയുകയും ചെയ്യുന്നു. അങ്ങയുടെ പുത്രനും ഞങ്ങളുടെ രക്ഷകനുമായ ഈശോമിശിഹായുടെ തിരുജനനത്തിന്റെ 2025 ആം ജൂബിലി വർഷത്തിൽ ദൈവരാജ്യം ഭൂമിയിൽ ആഗതമാകാൻ യത്നിക്കുന്ന സഭയുടെ എല്ലാ ഉദ്യമങ്ങളെയും അനുഗ്രഹിക്കേണമേ. മാർത്തോമാശ്ലീഹായുടെ പാദസ്പർശത്താൽ അനുഗൃഹീതമായ നിരണത്തിന്റെ മണ്ണിലേയ്ക്ക് ചങ്ങനാശ്ശേരി അതിരൂപതയിലെ യുവജനപ്രസ്ഥാനമായ യുവദീപ്തി എസ്.എം. വൈ.എം.മിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന തീർത്ഥാടനത്തെ അങ്ങ് ആശിർവദിക്കണമേ. യുവജനങ്ങളുടെ ആത്മീയവളർച്ചയെ ലക്ഷ്യം വെച്ചു നടത്തുന്ന ഈ പദയാത്രയുടെ വിജയത്തിനായുള്ള എല്ലാ പ്രവർത്തനങ്ങളെയും തീർത്ഥാടനത്തിന്റെ സഹകാരികളെയും അതിൽ പങ്കെടുക്കുന്നവരെയും അവരുടെ നിയോഗങ്ങളെയും അനുഗ്രഹിക്കണമേ. കാനാൻദേശത്തേയ്ക്കുള്ള യാത്രയിൽ പകൽ മേഘ തൂണിലും രാത്രിയിൽ അഗ്നിസ്തംഭത്തിലും വഴികാട്ടിയ ദൈവമേ, തീർത്ഥാടനവഴികളിൽ ഞങ്ങളോടൊപ്പമായിരിക്കണമേ. മാർത്തോമാ ശ്ലീഹായിലൂടെ ഞങ്ങൾക്കു ലഭിച്ച വിശ്വാസപൈതൃകം മുറുകെപ്പിടിക്കാനും സഭയുടെ ഉത്തമപ്രേഷിതരാകുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. വഴിയും സത്യവും ജീവനുമായ ഈശോമിശിഹായെ ഞങ്ങൾക്കു കാട്ടിത്തന്ന മാർ തോമ്മാശ്ലീഹായേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. ആമ്മേൻ.